# നിങ്ങളുടെ മനസ്സാക്ഷിയോട് "ഹെലോ" എന്നു പറയുക

യേശു ദൈവാലയത്തിൽ ഉപദേശിച്ചുകൊണ്ടിരുന്നപ്പോൾ, വ്യഭിചാരകുറ്റത്തിൽ പിടിക്കപ്പെട്ട ഒരു സ്ത്രീയെ അവന്റെ മുമ്പിൽ കൊണ്ടുവന്നു. അവനെ കുടുക്കേണ്ടതിനു, അവർ അവനോടു, "ഗുരോ, ഈ സ്ത്രീയെ വ്യഭിചാര കർമ്മത്തിൽ തന്നെ പിടിച്ചിരിക്കുന്നു, ഇങ്ങനെയുള്ളവരെ കല്ലെറിയണം എന്നു മോശെ ന്യായപ്രമാണത്തിൽ ഞങ്ങളോടു കല്പിച്ചിരിക്കുന്നു; നീ ഇവളെക്കുറിച്ചു എന്തു പറയുന്നു എന്നു ചോദിച്ചു?" (യോഹന്നാൻ 8:4, 5). അതിന്നു യേശു, "നിങ്ങളിൽ പാപം ഇല്ലാത്തവൻ, അവളെ ഒന്നാമത് കല്ലെറിയട്ടെ എന്നു അവരോടു പറഞ്ഞു" (വാക്യം 7). അവർ യേശുവിന്റെ വാക്കുകൾ കേട്ടപ്പോൾ, "മനസ്സാക്ഷിയുടെ ആക്ഷേപം ഹേതുവായി മൂത്തവരും ഇളയവരും ഓരോരുത്തനായി വിട്ടുപോയി" (വാക്യം 9). അവർ എന്തുകൊണ്ടാണ് വിട്ടുപോയത്? കെജെവി ഒരു വിവരണം ചേർക്കുന്നുണ്ട്: "അതു കേട്ടവർ, *അവരുടെ സ്വന്തം മനസ്സാക്ഷി അവരെ കുറ്റപ്പെടുത്തിയതുകൊണ്ട്*, മൂത്തവർ തുടങ്ങി, ഓരോരുത്തരായി വിട്ടുപോയി" (ഊന്നൽ എന്റേത്).[1]

നമ്മിൽ മിക്കപേർക്കും തിരിച്ചറിയാവുന്ന പദപ്രയാഗമാണ് "മനസാക്ഷിയുടെ ആക്ഷേപം." ഞങ്ങളുടെ മകൾ ആൻജി കുട്ടിയായിരുന്നപ്പോൾ, അവൾ ചെയ്ത തെറ്റു നിമിത്തം ഉറങ്ങാൻ കഴിയാതെ അർദ്ധരാത്രിയിൽ എന്നെ ഉണർത്തി ഏറ്റു പറഞ്ഞിട്ടുണ്ട്. ഒരുപക്ഷെ നമുക്കെല്ലാവർക്കും നാം കള്ളം പറഞ്ഞതു, പരീക്ഷയിൽ നോക്കി എഴുതിയത്, നമ്മുടേതല്ലാത്ത എന്തെങ്കിലും നാം എഴുതിയത്, അല്ലെങ്കിൽ മറ്റെന്തെങ്കിലും ചെയ്തതു ഓർമ്മയിൽ കാണും – മനസ്സാക്ഷി നമ്മെ "കുറ്റപ്പെടുത്തുകയും ചെയ്യും."

മനസ്സാക്ഷിയെ കുറിച്ച് ബൈബിളിനു ധാരാളം പറയുവാനുണ്ട്. വളരെ വിരളമായിട്ടേ പഴയ നിയമത്തിൽ "മനസ്സാക്ഷി" എന്ന വാക്ക് കാണുന്നുള്ളു,[2] എന്നാൽ ആശയം – ദൈവത്തെ അനുസരിക്കാതിരുന്ന

തുകൊണ്ട് ദൈവത്തിൽ നിന്നും ഓടി ഒളിച്ച, ആദാമും ഹവ്വയും മുതൽ ആരംഭിക്കയാണ് (ഉല്പത്തി 3:8). വർഷങ്ങൾക്കു ശേഷം യോസേഫിനെ അവന്റെ സഹോദരന്മാർ അടിമത്വത്തിനു വില്ക്കുകയുണ്ടായി, ആ ഹൃദയശൂന്യമായ പ്രവൃത്തി അവരുടെ ഓർമ്മയിൽ ഒഴിയാ ബാധയായി കിടന്നു (ഉല്പത്തി 42:21). ദാവീദ് ശൗലിന്റെ വസ്ത്രത്തിന്റെ അഗ്രം മുറിച്ചത്, തിരുവെഴുത്ത് സൂചിപ്പിക്കുന്നത് “പിന്നത്തേതിൽ ദാവീദിന്റെ മനസ്സാക്ഷി കത്തി തുടങ്ങി” എന്നാണ് (1 ശമുവേൽ 24:5).

പുതിയ നിയമത്തിൽ, “മനസാക്ഷി” എന്ന വാക്ക് അതിന്റെ മുഴുവൻ പ്രാധാന്യത്തോടെയാണ് പറഞ്ഞിരിക്കുന്നത്. അതു പുതിയ നിയമത്തിൽ മുപ്പത്തി - രണ്ടു പ്രാവശ്യം കാണാം, മറ്റു പല വാക്കുകളും കൂടുതലായി പഠിക്കുന്നതിനേക്കാൾ അധികമായത്.[3] പൗലൊസിന്റെ തന്നെ എഴുത്തുകളിൽ അതു ഇരുപത്തി - ഒന്നു പ്രാവശ്യം കാണാം (എബ്രായലേഖനം അവനാണ് എഴുതിയതെങ്കിൽ ഇരുപത്തി - ആറ് പ്രാവശ്യം).

മനസ്സാക്ഷിയെ കുറിച്ചു ബൈബിൾ പറയുന്നതു പഠിക്കുകയാണെങ്കിൽ നമുക്ക് അതുവളരെ വിലപ്പെട്ടതാണ്. ആരംഭിക്കുന്നതിനുള്ള നല്ല വഴി ഇങ്ങനെ ചോദിക്കുന്നതാണ്, “എന്താണ് മനസ്സാക്ഷി?”

## മനസ്സാക്ഷി നിർവചിച്ചിരിക്കുന്നു

മനസ്സാക്ഷി എന്ത് *അല്ല* എന്നു ചോദിച്ചുകൊണ്ട് ചുരുക്കമായി നമുക്ക് ആരംഭിക്കാം.[4] ആദ്യമായി, അതിൽ തന്നെ ആയിരിക്കുന്നതു, മതത്തിൽ സുരക്ഷിത സഹായി ആയിരിക്ക*യില്ല*. പൗലൊസ് യെഹൂദ ന്യായാധിപ സഭയുടെ മുമ്പിൽ നിന്നുകൊണ്ടു, പറഞ്ഞു, “സഹോദരന്മാരേ, ഞാൻ ഇന്നേ ദിവസത്തോളവും കേവലം നല്ല മനസ്സാക്ഷിയോടുകൂടെ ദൈവത്തിന്റെ മുമ്പാകെ നടന്നിരിക്കുന്നു എന്നു പറഞ്ഞു” (പ്രവൃത്തികൾ 23:1). അവൻ ക്രിസ്ത്യാനികളെ ഉപദ്രവിച്ചുകൊണ്ടിരുന്നപ്പോഴും, അവന്റെ മനസ്സാക്ഷി അവനെ പ്രശംസിച്ചുകൊണ്ടിരുന്നു.

വീണ്ടും, മനസ്സാക്ഷി അറിവോ അല്ലെങ്കിൽ നിയമമോ *അല്ല*. മറിച്ച്, അതിനു ലഭിക്കുന്ന അറിവും നിയമവും അനുസരിച്ചാണ് അതു പ്രവർത്തിക്കുന്നത്.

കൂടാതെ, മനസ്സാക്ഷി എന്നു പറയുന്നതു “മനുഷ്യനിലെ ദൈവശബ്ദം” *അല്ല*. വർഷങ്ങൾക്കു മുമ്പു എഴുത്തുകാരിൽ ഉണ്ടായിരുന്നതു പൊതുവായി ഈ ആശയം ആയിരുന്നു; അവർ വിചാരിച്ചതു മന സ്സാക്ഷി ദൈവത്തിൽ നിന്നുള്ള “ഒരു ചെറിയ ശബ്ദമായി” അവർ കരുതി (1 രാജാക്കന്മാർ 19:12; കെജെവി). മനസ്സാക്ഷി ദൈവത്തിൽ നിന്നു ലഭിച്ചതാണെങ്കിലും, ദൈവം അതിനെ ഉപയോഗിക്കുമെങ്കിലും, പാപത്തിൽ നിന്നു മനുഷ്യരെ സൂക്ഷിക്കുന്ന ദൈവപദ്ധതിയുടെ ഒരു ഭാഗമാണ് അത് എങ്കിലും, അതു മനുഷ്യരിൽ ഉള്ള അവന്റെ തന്നെ ശബ്ദമാണ്.

### അത് ഒരു യാഥാർത്ഥ്യമാണ്

വിഷയത്തിന്റെ ക്രിയാത്മകവശത്തേക്കു തിരിഞ്ഞ്, “എന്താ*ണ്* മനസ്സാക്ഷി?” എന്നു, നമുക്കു ചോദിക്കാം.

ആദ്യം തന്നെ മനസ്സാക്ഷി ഒരു യാഥാർത്ഥ്യമാണ് എന്നു ഞാൻ ഊന്നിപ്പറയട്ടെ. ചിലർ മനസ്സാക്ഷിയുടെ നിലനില്പിനെ നിഷേധിക്കുന്നുണ്ട്. നിരീശ്വരവാദികളും ആജ്ഞേയതാവാദികളും മനസ്സാക്ഷിയുടെ യാഥാർത്ഥ്യത്തെ നിഷേധിക്കുന്നവരാണ് കാരണം അത് ദൈവത്തിന്റെ നിലനില്പിനെയും ആത്മിയ ലോകത്തെയും പ്രഖ്യാപിക്കുന്നു. (നിരീശ്വരവാദിയായിരുന്ന ആന്റണി ഫ്ളീയുമായി തോമസ് വാരെൻ വാദിച്ചപ്പോൾ, ചില കാര്യങ്ങൾ ശരിയും മറ്റു ചിലതു തെറ്റുമാണെന്നു മിക്കവരും സമ്മതിക്കും എന്നു പറഞ്ഞു. ഒരു ചിത്രീകരണമായി, ഹിറ്റ്ലർ യെഹൂദന്മാരോട് ചെയ്തതിനെ സാർവ്വലൗകികമായി അപലപിച്ചതായി പറഞ്ഞു. ഈ സാർവ്വലൗകിക ധാർമ്മിക മനസ് അന്തർബോധത്തിൽ നിന്നു വാരെൻ ദൈവമുണ്ടെന്നും, അവനാണ് അതു നമ്മളിൽ വെച്ചിരിക്കുന്നതെന്നും വാദിച്ചു.[5])

മനുഷ്യവർഗ്ഗ പ്രേമികളായ മനശാസ്ത്രജ്ഞന്മാരും മനസ്സാക്ഷിയുടെ യാഥാർത്ഥ്യത്തെ നിഷേധിക്കുന്നവരാണ് – കാരണം ചില കാര്യങ്ങൾ ശരിയാണെന്നും മറ്റു ചിലതു തികച്ചും തെറ്റാണെന്നും മനസ്സാക്ഷി പറയുന്നു. കുറ്റം യാഥാർത്ഥ്യമാണെന്നും – നിഷേധിക്കയോ അവഗണിക്കയോ ചെയ്യാതെ കൈകാര്യം ചെയ്യണം എന്നു മനസ്സാക്ഷി പറയുന്നു.

മറ്റുള്ളവർ മനസ്സാക്ഷി എന്ന എന്തോ ഉണ്ട് എന്നു സമ്മതിക്കും പക്ഷെ അതിന്റെ പ്രാധാന്യത്തെ കുറച്ചു കാണും. *നമ്മുടെ പുറകിൽ നിന്നാണ്* മനസ്സാക്ഷി വരുന്നതെന്നു ചിലർ പറയും: കാലങ്ങളായുള്ള ഞരമ്പുകളുടെ ശേഖരം. ചിലർ പറയുന്നതു മനസ്സാക്ഷി *നമ്മുടെ ചുറ്റും* നിന്നു വരുന്നു: സമൂഹം പറയുന്ന ശരിയുടേയും തെറ്റിന്റെയും ആകത്തുക. ചിലർ പറയുന്നു മനസ്സാക്ഷി *നമുക്കുള്ളിൽ നിന്നു* വരുന്നു: നമ്മുടെ എല്ലാ അനുഭവങ്ങളിൽ നിന്നുള്ള പ്രതികാരമായി. (ഈ ഘടകങ്ങളെല്ലാം മനസ്സാക്ഷിക്കു ലഭിച്ച വിദ്യാഭ്യാസം അല്ലെങ്കിൽ തെറ്റായ വിദ്യാഭ്യാസം ആണ്, എന്നാൽ അവയൊന്നും മനസ്സാക്ഷിയുടെ ഉത്ഭവത്തെ വിവരിക്കുന്നില്ല.)

പഠിച്ചവർ എന്തു പറഞ്ഞാലും (1 കൊരിന്ത്യർ 1:21), മനസ്സാക്ഷി വളരെ യാഥാർത്ഥ്യമാണെന്നു അനുഭവവും ബൈബിളും പറയുന്നു. അതു നമ്മുടെ പുറകിൽ നിന്നല്ല, പുറത്തുനിന്നല്ല, പുറകിൽനിന്നല്ല, പക്ഷെ *നമുക്കു മുകളിൽ നിന്നാണ്*! ദൈവസാദൃശത്തിൽ സൃഷ്ടിക്കപ്പെട്ടപ്പോൾ അടിസ്ഥാനഭാഗമായി നാം കൈവശമാക്കിയതാണ് മനസ്സാക്ഷി (ഉല്പത്തി 1:27). എല്ലാവർക്കും മനസ്സാക്ഷി നല്കപ്പെട്ടിട്ടുണ്ട് (റോമർ 2:13–15); അത് ഒരു സാർവ്വലൗകിക യാഥാർത്ഥ്യമാണ്.[6] സംശയാലുവായിരുന്ന ബെർണാഡ് ഷാക്കു പോലും മനസ്സാക്ഷി “സാധാരണ മനുഷ്യന്റെ ഭാഗമായ ഉപകരണമാണെന്നും അതു തന്നിൽ തന്നെ ഒരിക്കലും പരാജയപ്പെടുകയില്ല എന്നു സമ്മതിക്കേണ്ടി വന്നിട്ടുണ്ട്.” ആരോ പറഞ്ഞു, “സത്യസന്ധമായ ഒരു മനുഷ്യനും ബോധപൂർവ്വം മനസ്സാക്ഷിയുടെ നിലനില്പിനെ നിഷേധിക്കാൻ സാധ്യമല്ല.”

### അതു “ധാർമ്മിക തന്നറിവ്” ആണ്

മനസ്സാക്ഷി ഉണ്ടെന്നു നാം സമ്മതിക്കുന്നുണ്ടെങ്കിലും, അതു ആന്ത

രിക മനുഷ്യന്റെ മറ്റു പലഭാഗങ്ങളായി വളരെ അടുത്തു പൊരുത്തപ്പെട്ടിരിക്കുന്നതുകൊണ്ട് നിർവ്വചിക്കുക എളുപ്പമല്ല. മനസ് (ബുദ്ധി) മനസ്സാക്ഷിയും തിത്തൊസ് 1:15-ൽ ഒരുമിച്ച് ചേർന്നിരിക്കുന്നു. ഇഛയും മനസ്സാക്ഷിയും ബന്ധപ്പെട്ടിരിക്കുന്നു (പ്രവൃത്തികൾ 23:1 ഉം 26:9 ഉം ആയി താരതമ്യം ചെയ്യുക). പ്രത്യേകിച്ച് ഹൃദയവും (വികാരവും) മനസ്സാക്ഷിയും ബന്ധപ്പെട്ടിരിക്കുന്നു. എൻ എ എസ് ബി പറയുന്നു "ദാവീദിന്റെ മനസ്സാക്ഷി അവനെ *വിഷമിപ്പിച്ചു* കൊണ്ടിരുന്നു" (1 ശമുവേൽ 24:5), എന്നാൽ എബ്രായ മൂലഗ്രന്ഥത്തിൽ "ദാവീദിന്റെ *ഹൃദയത്തിൽ* കത്തിക്കൊണ്ടിരുന്നു" എന്നാണ് (കെജെവി നോക്കുക). വീണ്ടും, പത്രൊസിന്റെ പ്രസംഗം പെന്തകൊസ്തുനാളിൽ കേട്ടവരുടെ മനസ്സാക്ഷികൾ സ്പർശിക്കപ്പെടുകയുണ്ടായി, വേദഭാഗം പറയുന്നതു "അവരുടെ *ഹൃദയത്തിൽ* കുത്തുകൊണ്ടു" എന്നാണ് (പ്രവൃത്തികൾ 2:37). എന്നിട്ടും, അപ്പൊസ്തലനായ പൗലൊസ് മനസ്സാക്ഷിയെയും അതിന്റെ പ്രത്യേക പരിവർത്തനങ്ങളെയും വേർപെടുത്തിയിരിക്കുന്നു. അതുകൊണ്ട്, "എന്താണ് മനസ്സാക്ഷി?" എന്നു നമുക്കു ചോദിക്കാം.

മനസ്സാക്ഷി എന്ന ആശയം വളരെപ്പേരെ വിഷമിപ്പിച്ചിട്ടുണ്ട്. ഒരാൾ പറഞ്ഞു, "എല്ലാം നന്നായി എന്നു തോന്നുമ്പോൾ അതു നമ്മെ വേദനിപ്പിക്കുന്ന ഒന്നാണ്." വേറൊരാൾ പറഞ്ഞു, "അതു നിങ്ങളുടെ ആന്തരിക വരുമാന സേവനത്തെ പരിശോധിച്ച് ആദായ നികുതി സമർപ്പിക്കണമെന്ന് ഉള്ളിൽ പറയുന്ന ഒരു ചെറിയ ശബ്ദമാണ്." ഇതിനോടു സമാനമായി ഒരു കുട്ടി ഇങ്ങനെ പറഞ്ഞു: "നിന്റെ സഹോദരി പറയുന്നതിനു മുൻപു നീ ചെയ്ത തെറ്റ് അമ്മയോടു തുറന്നു പറയുവാൻ നിന്റെ ഉള്ളിൽ പ്രേരിപ്പിക്കുന്നതാണ്." ഒരു ഹാസ്യക്കാരൻ തമാശയായി പറഞ്ഞു, "അതു തെറ്റു ചെയ്യാതിരിക്കാൻ നിങ്ങളെ സഹായിക്കയില്ല, പക്ഷെ അതു ആസ്വദിക്കാതിരിക്കാൻ നിങ്ങളെ സഹായിക്കും." ഹാക്കിൾബെറി ഫിൻ[7] തീർച്ചയാക്കിയതു "നമ്മുടെ ഉള്ളിൽ മറ്റെന്തിനെക്കാളും സ്ഥലം മനസ്സാക്ഷി എടുത്തിരിക്കയാണ്."

പുതിയനിയമകാലത്തുപയോഗത്തിലിരുന്ന ഒരു ഗ്രീക്കുവാക്കാണ് "മനസ്സാക്ഷി" എന്നതു തർജ്ജിമ ചെയ്തിരിക്കുന്നത്; പക്ഷെ അതു ആളുകളുടെ ഭാഷയായിട്ടാണ്, അല്ലാതെ പണ്ഡിതന്മാരുടെയോ നിയമത്തിന്റെയോ ഭാഷയായിട്ടായിരുന്നില്ല. ഗ്രീക്കുകാർ തങ്ങളുടെ ദൈനന്തിന ഭാഷയിൽ, "തെറ്റു ചെയ്യുമ്പോൾ ഉണ്ടാകുന്ന വേദനയെ" സൂചിപ്പിക്കുന്ന വാക്കാണ്. പരിശുദ്ധാത്മ നിയോഗത്താൽ, പൗലൊസ് ആ നിസാരമായ വാക്ക് എടുത്ത്, ശുദ്ധീകരിച്ചു പുതിയ നിയമത്തിൽ ഒരു പ്രത്യേകവാക്കായി ഉപയോഗിച്ചു.

"മനസ്സാക്ഷി" എന്നതു ഗ്രീക്കിൽ, സംയുക്തവാക്കായ *സുനേഡെസിസ്*, "കൂടെ" അല്ലെങ്കിൽ "ഒരുമിച്ച്" (*സൺ*) എന്നതും അതിനു "അറിയുവാൻ" (*ഓയിഡ*) എന്നർത്ഥമുണ്ട്. ഇംഗ്ലീഷ് വാക്ക് "മനസ്സാക്ഷി"ക്ക് അതേ അർത്ഥമാണുള്ളത്; അതു ലാറ്റിനിൽ നിന്നു, *കോൺ* ("വിത്ത്" അല്ലെങ്കിൽ "ടുഗെതർ") എന്നും *സിയോ* ("ടു നോ") എന്നുമാണ്. ഇംഗ്ലീഷിലും ഗ്രീക്കിലും ആ വാക്കിന്റെ അർത്ഥം "ടു നോ വിത്ത് അല്ലെങ്കിൽ ടുഗെതർ" എന്നാണ്. രണ്ടും സൂചിപ്പിക്കുന്നതു നമ്മോടു നമ്മി

ലുള്ള അറിവിനെ ആണ് സൂചിപ്പിക്കുന്നത്;[8] അവ നമ്മുടെ ഉള്ളിലുള്ള അറിവിനെ സംസാരിച്ചു നമ്മെ അറിയാൻ സഹായിക്കുക യാണ്.

ലെക്സിക്കെൻ, ആമ്റ്റഡും ജിങ്ങ്റിച്ചും *സുനേഡെസിസ്* നിർവ്വചിച്ചിരിക്കുന്നത് "ധാർമ്മിക തന്നറിവ്" എന്നാണ്.[9] തേയറുടെ ലെക്സിക്കനിൽ നീണ്ട നിർവ്വചനമാണുള്ളത്: "ധാർമ്മികമായി നന്മയും തിന്മയും വേർതിരിച്ചറിയുന്നതാണ് ആത്മാവ്, രണ്ടാമത്തേതു ത്യജിച്ച് ഒന്നാമത്തേത് ചെയ്യാൻ പ്രേരിപ്പിക്കുന്നു, അതിനെ പ്രശംസിക്കയും, മറ്റേതിനെ ഖണ്ഡിക്കയും ചെയ്യുന്നു."[10] അദ്ദേഹത്തിന്റെ വേഡ് സ്റ്റഡി ബുക്കിൽ, വൈൻ അദ്ദേഹത്തിന്റെ പുസ്തകത്തിൽ നിർവ്വചിച്ചതു ഏതാണ്ട് തേയർ നിർവ്വചിച്ചതുപോലെയാണ്: "ധാർമ്മികമായി നന്മ അല്ലെങ്കിൽ തിന്മയെ വേർതിരിച്ചറിയുന്ന ചിന്താനടപടി, നന്മയെ പ്രശംസിക്കയും, തിന്മയെ നിഷേധിക്കയും, അങ്ങനെ ആദ്യത്തേതു ചെയ്യുവാനും, രണ്ടാമത്തേതു ഉപേക്ഷിക്കുവാനും പ്രചോദിപ്പിക്കുന്നു."[11]

ആമ്ഡറ്റിന്റെയും ജിങ്ങ് റിച്ചിന്റെയും വാക്ക് ഒരുപക്ഷെ നാം "മനസ്സാക്ഷി" എന്ന വാക്ക് നിർവ്വചിക്കയാണെങ്കിൽ അടുത്തു വരുന്നുണ്ട്: "ധാർമ്മിക തന്നറിവ്." മനസ്സാക്ഷിയെ മനസ്സിലാക്കുവാൻ, എങ്ങനെയായാലും, തേയറും വൈനും ചെയ്തതു ചെയ്യുവാൻ നാം നിർബന്ധിതരാകുന്നു: അതെന്തു *ചെയ്യുന്നു* എന്നു വിവരിച്ചുകൊണ്ട് നിർവ്വചിക്കുക.

## മനസ്സാക്ഷി വിവരിച്ചിരിക്കുന്നു

ബൈബിൾ അനുസരിച്ച്, മനസ്സാക്ഷിക്കു രണ്ടു പ്രാഥമിക പ്രവർത്തികളും ഒരുരണ്ടാംതരം പ്രവർത്തനവുമാണ് ഉള്ളത്. ഈ പ്രവർത്തികളെക്കുറിച്ചു, മനസ്സാക്ഷിയെ ഭൗതിക നാഡീവ്യൂഹ വ്യവസ്ഥയോട് താരതമ്യം ചെയ്യാം: നാഡീവ്യൂഹം ശരീരത്തിനു എങ്ങനെയാണോ അതുപോലെയാണ് മനസ്സാക്ഷി ആത്മാവിന് നാഡീവ്യൂഹത്തിന്റെ പ്രാഥമിക പ്രവർത്തനം പരിഗണിക്കുക: അതു ശരീരത്തിനു വരാനിടയുള്ള അപകടത്തെ മുന്നറിയിക്കുന്നു (ഉദാഹരണമായി: "അത് ചൂടാണ്!") മുന്നറിയിപ്പ് കേട്ടില്ലെങ്കിൽ ശരീരം ശിക്ഷിക്കപ്പെടും ("അതു വേദനിപ്പിക്കും!") അതിന്റെ രണ്ടാമത്തെ ഉദ്ദേശം, നാഡീവ്യൂഹം ഒരാളെ മറ്റുള്ളവരെ മുന്നറിയിക്കാൻ പ്രേരിപ്പിക്കുന്നു ("കുട്ടികളേ, തീയിൽ നിന്നു മാറി നില്ക്ക്, അല്ലെങ്കിൽ പൊള്ളും!"). ഇതു മനസ്സാക്ഷിയെ സംബന്ധിച്ചു വാസ്തവമാണ്.

### അതു തിരിച്ചറിയുകയും നിർദ്ദേശിക്കയും ചെയ്യുക

മനസ്സാക്ഷിയുടെ ആദ്യത്തെ പ്രാഥമിക പ്രവർത്തനം ഏതാണ് ശരി ഏതാണ് തെറ്റ് എന്നു നമ്മോടു അറിയിക്കുന്നതാണ്, ഒപ്പം നന്മ ചെയ്യുവാൻ നമ്മെ പ്രോത്സാഹിപ്പിക്കും. "നന്മയും തിന്മയും വിവേചിക്കുന്നതിന്റെ", മനസ്സാക്ഷിക്ക് കഴിവുള്ളതായി എബ്രായർ 5:14 പറയുന്നു. ഈ പ്രവർത്തനത്തിന്റെ ഏറ്റവും നല്ല ചർച്ചയാകാം ഒരുപക്ഷെ റോമർ 2:13–15:

> ന്യായപ്രമാണം കേൾക്കുന്നവരല്ല ദൈവസന്നിധിയിൽ നീതിമാ

ന്മാർ, ന്യായപ്രമാണം ആചരിക്കുന്നവരത്രേ നീതികരിക്കപ്പെടുന്നത്. ന്യായപ്രമാണമില്ലാത്ത ജാതികൾ ന്യായപ്രമാണത്തിലുള്ളതു സ്വഭാവത്താൽ ചെയ്യുമ്പോൾ, ന്യായപ്രമാണം ഇല്ലാത്ത, അവർ, തങ്ങൾക്കു തന്നെ ഒരു ന്യായപ്രമാണം ആകുന്നു. അവരുടെ മനസ്സാക്ഷി കൂടെ സാക്ഷ്യം പറഞ്ഞും, അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിവാദിക്കയോ ചെയ്തുകൊണ്ട്, അവർ ന്യായപ്രമാണത്തിന്റെ പ്രവൃത്തി, തങ്ങളുടെ ഹൃദയങ്ങളിൽ എഴുതിയിരിക്കുന്നതായി കാണിക്കുന്നു.[12]

എല്ലാ മനുഷ്യർക്കും ചിലതു ശരിയാണെന്നും മറ്റു ചിലതു തെറ്റാണെന്നും ജന്മവാസനയായി അറിയാം – ദൈവത്തിന്റെ എഴുതപ്പെട്ട നിയമങ്ങൾ അറിയാത്തവർക്കും അതറിയാം. ഉദാഹരണത്തിനു, എല്ലാ സമൂഹത്തിലും കളവിനും കുലക്കും എതിരായി നിയമങ്ങൾ ഉണ്ട്. ഈ ധാർമ്മിക വിധികൾ ഉണ്ടാക്കുവാൻ മനുഷ്യനിൽ എന്താണ് ഉള്ളത്? വേദഭാഗം തുടരുന്നു: “അവരുടെ മനസ്സാക്ഷി കൂടെ *സാക്ഷ്യപ്പെടുത്തുന്നു*” (വാക്യം 15; ഊന്നൽ എന്റേത്). നീതിയെയും അനീതിയെയും ഈ “സാക്ഷ്യപ്പെടുത്തൽ” അല്ലെങ്കിൽ പരിശോധിക്കുന്നതാണ് മനസ്സാക്ഷിയുടെ ആദ്യ പ്രവൃത്തി. ആ ഒരു പ്രവൃത്തിയെയാണ് “എന്റെ ശുദ്ധമായ മനസ്സാക്ഷിയിൽ, എനിക്കതു ചെയ്യാൻ, സാധ്യമല്ല” എന്നു, നമ്മെക്കൊണ്ട് പറയിപ്പിക്കുന്നത്.

### അതു വിധിക്കയും ശിക്ഷ നടപ്പാക്കുകയും ചെയ്യുന്നു

മനസ്സാക്ഷിയുടെ രണ്ടാമത്തെ മുഖ്യ പ്രവർത്തി വിലക്കപ്പെട്ടതു നാം ചെയ്യുകയോ പ്രേരിപ്പിക്കപ്പെട്ടതു ചെയ്യാതിരിക്കയും ചെയ്യുമ്പോൾ പ്രേരണ നമ്മിൽ നിർബ്ബന്ധിക്കുവാൻ കഴിയുകയില്ല, പക്ഷെ നാം അതിനെ എങ്ങനെ അനുസരിക്കുന്നു എന്നതനുസരിച്ച് നമ്മെ അനുഗ്രഹിക്കയോ ശിക്ഷിക്കുകയോ ചെയ്യാം. അതു വിധി ആയും, സാക്ഷിയായും, വ്യവഹാര വിചാരണ സമിതിയായും – ഒരാളിൽ ഉടനടി വിധി പ്രസ്താവിക്കുന്നു. പിന്നെ അതു, കോടതിയുടെ വിധി നടപ്പാക്കുന്നു. അതു, പൗലൊസ് ജാതികളെക്കുറിച്ചു പറഞ്ഞശേഷം അവരുടെ മനസ്സാക്ഷി “സാക്ഷ്യപ്പെടുത്തുന്നു,” എന്നതിനോട് കൂട്ടിച്ചേർത്തു, “അവരുടെ വിചാരങ്ങൾ തമ്മിൽ കുറ്റം ചുമത്തുകയോ പ്രതിവാദിക്കയോ ചെയ്യുന്നു” (റോമർ 2:15).

തന്നെ പ്രതിരോധിക്കുന്നതിനുള്ള മനസ്സാക്ഷി ഒരാൾക്കുള്ളത് ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹങ്ങളും – അതു പറയുന്നു, “നീ ചെയ്തതു ശരി” (റോമർ 9:1 നോക്കുക). ഇതിനെ ബൈബിൾ “നല്ല മനസ്സാക്ഷി” (പ്രവൃത്തികൾ 23:1; 1 തിമൊഥെയൊസ് 1:5, 19; 1 പത്രൊസ് 3:16, 21; എബ്രായർ 13:18),[13] “കുറ്റമില്ലാത്ത മനസ്സാക്ഷി” (പ്രവൃത്തികൾ 24:16), അല്ലെങ്കിൽ “ശുദ്ധ മനസ്സാക്ഷി” (1 തിമൊഥെയൊസ് 3:9; 2 തിമൊഥെയൊസ് 1:3).[14] ഫ്രെഞ്ചുകാർക്ക് ഒരു പഴഞ്ചൊല്ല് ഉണ്ട്: “ശുദ്ധ മനസ്സാക്ഷി ഒരു തലയിണ പോലെയാണ്.” ശുദ്ധ മനസ്സാക്ഷിയുള്ളതിനെ ആരോ “സ്വർഗ്ഗത്തിന്റെ പൂർവ്വ ജ്ഞാനം” എന്നു പറഞ്ഞിട്ടുണ്ട്.

ശുദ്ധ മനസ്സാക്ഷി പൗലൊസിനു ആത്മവിശ്വാസം നല്കി തുടരുവാൻ അവനെ പ്രാപ്തനാക്കി. കൊരിന്ത്യരോട് അവൻ പറഞ്ഞു, "ഞങ്ങൾ ... വിശേഷാൽ, നിങ്ങളോട് ദൈവം നല്കുന്ന വിശുദ്ധിയിലും നിർമ്മലതയിലും, പെരുമാറിയിരിക്കുന്നു, ... എന്നു ഞങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം തന്നെ ഞങ്ങളുടെ പ്രശംസ ..." (2 കൊരിന്ത്യർ 1:12). താൻ ചെയ്യുന്നതു ശരി എന്നു തീർച്ചപ്പെടുത്തി തന്നെ മറ്റൊന്നും പിന്താങ്ങുകയില്ല. ഉപദ്രവിക്കപ്പെട്ട ക്രിസ്ത്യാനികളോട് പത്രൊസ് പറഞ്ഞു: "ക്രിസ്തുവിൽ നിങ്ങൾക്കുള്ള നല്ല നടപ്പിനെ ദുഷിക്കുന്നവർ, നിങ്ങളെ പഴിച്ചു പറയുന്നവർ ലജ്ജിക്കേണ്ടതിനു നല്ല മനസ്സാക്ഷിയുള്ളവരായിരിപ്പിൻ" (1 പത്രൊസ് 3:16).

നേരെ മറിച്ചു, ഒരാളുടെ ജീവിതത്തിലെ ഏറ്റവും വലിയ ശാപങ്ങളിൽ ഒന്നാണ് മനസ്സാക്ഷി തന്നെ കുറ്റപ്പെടുത്തുന്നത് - അതു പറയുന്നു, "നീ ചെയ്തതു തെറ്റാണ്." കുറ്റമുള്ള മനസ്സാക്ഷിയുടെ ശിക്ഷാസ്വഭാവത്തെ ബുദ്ധിമാനായ മനുഷ്യൻ സദൃശവാക്യങ്ങൾ 28:1-ൽ പറയുന്നു: "ആരും ഓടിക്കാതെ ദുഷ്ടന്മാർ ഓടിപ്പോകുന്നു." ഒരു ശുദ്ധ മനസ്സാക്ഷി സ്വർഗ്ഗത്തിന്റെ പൂർവ്വജ്ഞാനമാണെങ്കിൽ, കുറ്റമുള്ള മനസാക്ഷി നരകത്തിന്റെ മുൻകാഴ്ചപ്പാട് തന്നെ.[15]

മോശെയുടെ ന്യായപ്രമാണ യാഗങ്ങൾക്ക് സത്യസന്ധനായ ഒരാളുടെ മനസ്സാക്ഷിയിലെ ആക്ഷേപം നീങ്ങിപ്പോകുന്നില്ല എന്നുപറഞ്ഞുകൊണ്ട് എബ്രായലേഖകൻ മനസ്സാക്ഷിയുടെ കുറ്റപ്പെടുത്തലിനെക്കുറിച്ച് അധികം പറയുന്നുണ്ട് (എബ്രായർ 9:9, 14; 10:2). കുറ്റമുള്ള മനസ്സാക്ഷിയെ "ദുഷ്ട മനസ്സാക്ഷി" എന്നാണ് അവൻ എബ്രായർ 10:22-ൽ പറഞ്ഞിരിക്കുന്നത്. ചിലർ വിചാരിക്കുന്നത് "ദുഷ്ടമനസ്സാക്ഷി" എന്നതു "ശരിയായി പ്രവർത്തിക്കാത്ത ഒന്നാണ്" എന്നത്രെ, പക്ഷെ ഞാൻ പറയുന്നതു അതു മനുഷ്യരെ ഉച്ചത്തിൽ, "കുറ്റമുള്ളവൻ, കുറ്റമുള്ളവൻ, കുറ്റമുള്ളവൻ!" എന്നു നിലവിളിക്കുമ്പോൾ, ദൈവം രൂപപ്പെടുത്തിയ വിധത്തിൽ തന്നെ പ്രവർത്തിക്കുന്നു എന്നാണ്.

നമ്മുടെ ജീവിതത്തിൽ നിന്നും, ചരിത്രത്തിൽ നിന്നും, ബൈബിളിൽ നിന്നും സ്വയം - കുറ്റപ്പെടുത്തിയിട്ടുള്ള ധാരാളം ദു:ഖ സംഭവങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയും. ബൈബിൾ ഉദാഹരണങ്ങളിൽ, മറ്റുള്ളവയോടൊപ്പം കയ്യീനെക്കുറിച്ചുള്ളതാണ് (ഉല്പത്തി 4:9), ശൗൽ രാജാവ് (1 ശമുവേൽ 26:21), ഹെരോദാരാജാവ് (മർക്കൊസ് 6:16), യൂദയും (മത്തായി 27:3-5).

കുറ്റമുള്ള മനസ്സാക്ഷിയുടെ ദണ്ഡനം ഏറ്റവരുടെ ഉദാഹരണങ്ങളാണ് ചരിത്രം മുഴുവൻ. ഒരിക്കൽ, ഒരാളെ കുലപാതകത്തിനു വിചാരണക്കു കൊണ്ടുവന്നപ്പോൾ ഒരു ജഡ്ജി തന്റെ ഇരിപ്പിടത്തിൽ ഇരിക്കയായിരുന്നു. വിചാരണ മധ്യേ, ജഡ്ജി കോടതിയെ ഞെട്ടിച്ചുകൊണ്ട് തന്റെ ബെഞ്ചിൽ നിന്നു താഴേക്കു ഇറങ്ങി വന്നു, വർഷങ്ങൾക്കു മുമ്പ്, താനും ഒരു മനുഷ്യനെ കൊന്നിട്ടുണ്ട് എന്നു ഏറ്റു പറഞ്ഞു. അതുകേട്ട് ആ കുറ്റവാളി ഓടിപ്പോയി മറ്റൊരു പുതിയ സമൂഹത്തിൽ പോയി, അവിടെ ആളുകളുടെ വിശ്വാസം നേടി. അവൻ ധാരാളം സ്വത്തു സമ്പാദിച്ചു, താൻ നല്ലൊരു പേരും സമ്പാദിച്ചു, ക്രമേണ അവനെ ഒരു ജഡ്ജി

യായി തിരഞ്ഞെടുത്തു. എങ്ങനെയായാലും, അവൻ വിചാരണ സമയത്ത് സാക്ഷ്യം കേട്ട് കുറ്റവാളിയെ ശിക്ഷക്കു വിധിക്കുവാൻ അയാളുടെ മനസ്സാക്ഷി അനുവദിക്കാതിരുന്നു. അദ്ദേഹം അധികാരികൾക്കു കീഴടങ്ങി താൻ മുൻപു ചെയ്ത കുറ്റത്തിനു വിചാരണക്കായി ഏല്പിച്ചു കൊടുത്തു.

കുറ്റപ്പെടുത്തുന്ന മനസ്സാക്ഷിയുടെ ചാട്ടയടി അനുഭവം നമുക്കെല്ലാവർക്കും ഉണ്ടായിട്ടുണ്ട്. അടുത്ത സമയത്ത്, ഒരുസ്കൂൾ ടീച്ചർക്കു ഒരു കത്തു ലഭിച്ചു:

> ഞാൻ നിങ്ങളുടെ സ്കൂളിലെ (തീയതി) വർഷത്തെ ഒരു വിദ്യാർത്ഥിയായിരുന്നു. ഞാൻ നിങ്ങളുടെ പഴയ നിയമം അവലോകന ക്ലാസിലായിരുന്നു. ഞങ്ങൾ പഴയ നിയമം എല്ലാം വായിക്കണമായിരുന്നു – എല്ലാം തന്നെ – ഞങ്ങളുടെ കോഴ്സിന്റെ ഭാഗമായിട്ട്. ഞാൻ എന്റെ വായനക്കുള്ള എല്ലാ പുസ്തകങ്ങളും വായിക്കുമെന്ന സൂചന നല്കി, ഞാൻ വേഗത്തിൽ പോയത് രണ്ടാം ഭാഗത്തിന്റെ 40% ആണ്. ഞാൻ വായിച്ചത് – വാസ്തവത്തിൽ വായിച്ചത് – ഏതാണ്ട് 60%, പക്ഷേ സമയം അവസാനിപ്പിച്ചപ്പോൾ വായിക്കുവാനായി വിട്ടു ... അതുകൊണ്ട് തുറന്ന സത്യം എന്തെന്നാൽ പഴയ നിയമം മുഴുവൻ വായിച്ചു എന്നു ഞാൻ നുണയാണ് പറഞ്ഞത്. അതു എന്നെ വിഷമിപ്പിച്ചു അപ്പോൾ മുതൽ എപ്പോഴും എന്നെ വിഷമിപ്പിച്ചുകൊണ്ടിരുന്നു. അതിനുശേഷം, ഒരാൾ എന്തു വന്നാലും ഒന്നിനെക്കുറിച്ചും നുണ പറയാൻ പാടില്ലല്ലൊ, പ്രത്യേകിച്ചു ബൈബിൾ വായിക്കുന്നതിനെക്കുറിച്ച് ഞാൻ നുണ പറഞ്ഞത്!
>
> അതുകൊണ്ട്, പാപക്ഷമാപണത്തിനു ഞാൻ നിങ്ങളോട് ഇതു ഏറ്റു പറയുന്നു. കൂടാതെ, എന്റെ മാർക്കിൽ മാറ്റം വരുത്തണമെന്നു തോന്നുന്നുവെങ്കിൽ, നിങ്ങൾക്കു (കോളജിന്റെ പേർ) ബന്ധപ്പെട്ട് വേണ്ട ഏർപ്പാട് ചെയ്യാം. വീണ്ടും, എനിക്കു പറ്റിയ ലജ്ജാകരമായ നുണക്ക് ഞാൻ ക്ഷമ ചോദിക്കുന്നു. ഞാൻ പല പ്രാവശ്യം മാനസാന്തരപ്പെട്ട് കർത്താവിനോടു ഏറ്റു പറഞ്ഞു എങ്കിലും, അവസാനം ഞാൻ നിങ്ങളോടു ഏറ്റു പറഞ്ഞു ക്ഷമാപണം നേടിയില്ലെങ്കിൽ വാസ്തവത്തിൽ എനിക്ക് ആശ്വാസം കിട്ടുകയില്ല എന്നു ഞാൻ തിരിച്ചറിഞ്ഞു.
>
> നിങ്ങളുടെ സമയത്തിനു നന്ദി. എനിക്കു നിങ്ങളുടെ ഒരു ചെറിയ ക്ഷമാപണത്തെക്കുറിച്ചു കിട്ടുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

മനസ്സാക്ഷിയുടെ പ്രേരണ നടപ്പിൽ വരുത്താതിരിക്കുന്നതു വലിയ പരാജയമാണ് മനസ്സാക്ഷിയുടെ നിർദ്ദേശം ലംഘിക്കരുതെന്നു ബൈബിൾ ഊന്നിപറയുകയും ചെയ്യുന്നുണ്ട് (റോമർ 14:23;[16] പ്രവൃത്തികൾ 24:16). മനസ്സാക്ഷിയെ തുടർച്ചയായി ലംഘിക്കുന്നതു ദൈവം – നല്കിയ പ്രവൃത്തികളെ ചെയ്യിക്കാതിരിക്കയാണ് (1 തിമൊഥെയൊസ് 4:2).[17]

**അതു പ്രശംസിക്കയോ അല്ലെങ്കിൽ മറ്റുള്ളവരെ വിധിക്കുകയോ ചെയ്യും**

*മറ്റുള്ളവർ* ചെയ്യുന്നതിനെ പ്രശംസിക്കയോ അല്ലെങ്കിൽ വിധിക്കുകയോ ചെയ്യുന്നതാണ് മനസ്സാക്ഷിയുടെ രണ്ടാമത്തെ പ്രവൃത്തി. സ്വയം വിധിക്കുന്നതിനു പുറമെ, മറ്റുള്ളവരെ അതിൽ തന്നെ വളർത്തി - യിട്ടുള്ള ശരിയും തെറ്റും എന്ന നിലവാരത്തിൽ വിധിക്കും. ഇതു മനസ്സിലാക്കി, പൗലൊസ്, താൻ ശരിയായിരുന്നു എന്നു പലപ്പോഴും മറ്റുള്ളവരുടെ മനസ്സാക്ഷിക്കു ബോധ്യമാക്കിക്കൊടുത്തു. ഉദാഹരണമായി, 2 കൊരിന്ത്യർ 4:2-ൽ അവൻ എഴുതി താൻ സത്യമനുസരിച്ച് നടന്നു "സകല മനുഷ്യരുടേയും മനസ്സാക്ഷിക്കു ഞങ്ങളെ തന്നെ ബോധ്യമാക്കുന്നു." വീണ്ടും, അവൻ പറയുന്നു, "നിങ്ങളുടെ മനസ്സാക്ഷിയിലും വെളിപ്പെട്ടിരിക്കുന്നു" (5:11).

മനസ്സാക്ഷി മറ്റുള്ളവരെ പ്രശംസിക്കയോ വിധിക്കുകയോ ചെയ്യുന്നതുകൊണ്ട്, മനസ്സാക്ഷിയുടെ അഭ്യാസം മറ്റുള്ളവരുമായുള്ള നമ്മുടെ ബന്ധത്തെ അവിശ്വസനീയമായി ബാധിക്കും. അപ്പോൾ, പിന്നെ, മനസ്സാക്ഷിയുമായ ബന്ധത്തിൽ നാം വിശദമായി കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ ബന്ധനങ്ങളുമായിട്ടുള്ളതാണെന്നു കാണുമ്പോൾ നാം അത്ഭുതപ്പെടുന്നില്ല, പ്രത്യേകിച്ച് ക്രിസ്ത്യാനികൾ തമ്മിലുള്ള ബന്ധം (റോമർ 14; 15; 1 കൊരിന്ത്യൻ 8-10).[18]

**ഉപസംഹാരം**

മനസ്സാക്ഷിയെ ഞാൻ നിർവ്വചിച്ചതുപോലെ നിങ്ങൾ നിർവ്വചിക്കയോ ഞാൻ അതിന്റെ പ്രവൃത്തികളെപ്പറ്റി പറയുകയോ ചെയ്തില്ലെങ്കിലും, താഴെ പറയുന്ന പ്രസ്താവന സത്യമാണെന്നു നിങ്ങൾക്ക് അറിയാം: മനസ്സാക്ഷി വാസ്തവത്തിൽ ഉണ്ട്; എന്താണ് ശരി എന്താണ് തെറ്റ് എന്നു നമ്മുടെ മനസ്സാക്ഷി പറയുന്നു; മനസ്സാക്ഷി ലംഘിക്കുന്നതും അതിൽ തന്നെ ജീവിക്കുന്നതും ഭയങ്കരമാണ്! ഈ സത്യങ്ങൾ ആഴത്തിൽ ഓരോരുത്തരുടേയും ഹൃദയങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു.

ഞാൻ തനിയെ ജീവിക്കേണ്ടതായിട്ടുണ്ട്, അതുകൊണ്ട്
ഞാൻ അറിയുവാൻ യോജിക്കുന്നവൻ ആകുവാൻ ആഗ്രഹിക്കുന്നു;
ഞാൻ ദിവസങ്ങൾ പോകുന്തോറും പ്രാപ്തനാകുവാൻ ആഗ്രഹിക്കുന്നു
ഞാൻ തന്നെ എപ്പോഴും നേരെ കണ്ണിൽ നോക്കുവാൻ ആഗ്രഹിക്കുന്നു;
ഞാൻ ചെയ്ത തെറ്റുകളോടെ സൂര്യാസ്തമയം വരെ നിൽക്കു
വാൻ എനിക്കു കഴിയുകയില്ല.

എനിക്കു എന്നിൽ നിന്നു ഒരിക്കലും ഓടി ഒളിക്കാൻ കഴിയുകയില്ല,
മറ്റുള്ളവർക്കു ഒരുപക്ഷെ ഒരിക്കലും കാണാൻ കഴിയാത്തതു

ഞാൻ കാണുന്നു,
മറ്റുള്ളവർ ഒരുപക്ഷെ ഒരിക്കലും അറിയാത്തതു ഞാൻ അറിയുന്നു,
എനിക്കു എന്നെ ഒരിക്കലും വിഡ്ഢിയാക്കാൻ കഴിയുകയില്ല - അതുകൊണ്ട്,
എന്തു സംഭവിച്ചാലും, ഞാൻ സ്വയം
ബഹുമാനിക്കുവാനും മനസ്സാക്ഷിയിൽ സ്വതന്ത്രനും ആകുവാൻ ആഗ്രഹിക്കുന്നു.[19]

അവസാനിപ്പിക്കുന്നതിനു മുൻപ്, ഒരു ചോദ്യം ചോദിച്ച് ഉത്തരം കണ്ടെത്താം: ഒരാൾ തന്റെ മനസ്സാക്ഷിയെ ലംഘിക്കുകയും കുറ്റം ചുമത്തപ്പെടുകയും ചെയ്യുമ്പോൾ, അയാൾക്കു എന്തു ചെയ്യാൻ കഴിയും?

ചില മനശാസ്ത്ര സ്ക്കൂളുകൾ പറയുന്നതു നിങ്ങൾ വാസ്തവത്തിൽ കുറ്റമുള്ളവരല്ല, അതുകൊണ്ട് കുറ്റമുള്ളവനായി തോന്നുന്നതിനെ അവഗണിക്കുകയും, മനസ്സിൽ നിന്നു, നീക്കുകയും ചെയ്യുക. ഈ സമീപനം പ്രായോഗികമല്ല, കാരണം കുറ്റം പൊങ്ങിത്തന്നെ കിടക്കും. മാനുഷിക തത്വജ്ഞാനം പറയുന്നതു നിങ്ങളിലുള്ള നന്മ തിന്മയേക്കാൾ മുൻതൂക്കത്തിലാണ്, അതുകൊണ്ട് വരുന്ന തിന്മയെക്കുറിച്ച് ഓർക്കാതെ കഴിവതും നന്മ ചെയ്യുക. എങ്ങനെയായാലും, ആഴത്തിൽ ചിന്തിച്ചാൽ, കുറ്റമുള്ളവനാണെങ്കിൽ അപ്പോൾ അതറിയാം.

കുറ്റത്തിനു ബൈബിൾ സംബന്ധമായ ഉത്തരം അവഗണിക്കുകയോ അല്ലെങ്കിൽ അതിൽ നിന്നു പുറത്തു കടക്കുവാനോ അല്ല പറയുന്നതു, എന്നാൽ യേശുവിന്റെ രക്തത്താൽ അതു എന്നേക്കുമായി ഒഴിവാക്കുക എന്നതാണ്! ദൈവശ്വാസിയ എഴുത്തുകാരൻ ഊന്നിപ്പറയുന്നു, "ക്രിസ്തുവിന്റെ രക്തം ജീവനുള്ള ദൈവത്തെ ആരാധിപ്പാൻ നിങ്ങളുടെ മനസ്സാക്ഷിയെ, ... നിർജ്ജീവ പ്രവർത്തികളെ പോക്കി എത്ര അധികം ശുദ്ധീകരിക്കും?" (എബ്രായർ 9:14). നാം നമ്മുടെ ജീവിതങ്ങൾ കർത്താവിനു സമർപ്പിക്കപ്പെടുമ്പോൾ, നമ്മുടെ മനസ്സാക്ഷി ശുദ്ധീകരിക്കപ്പെടുന്നു. "ദുർമ്മനസാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ [തളിക്കപ്പെട്ടവരും] ശുദ്ധ വെള്ളത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിന്റെ പൂർണ്ണനിശ്ചയം പൂണ്ടു പരമാർത്ഥം ഹൃദയത്തോടെ അടുത്തു ചെല്ലുക" (എബ്രായർ 10:22). "ശുദ്ധ വെള്ളത്താൽ" ശരീരം കഴുകുന്നതു സ്നാനത്തെക്കുറിച്ചാണെന്നു മിക്ക പണ്ഡിതന്മാരും സമ്മതിക്കും. അനുസ്മരണവും മനസ്സാക്ഷിയുടെ ശുദ്ധീകരണവും യോജിച്ചിരിക്കുന്നതായി പത്രൊസും പറയുന്നുണ്ട്. അവൻ പറയുന്നതു "സ്നാനമോ നല്ല മനസ്സാക്ഷിക്കായുള്ള അപേക്ഷയായിട്ടാണ്" എന്നാണ് (1 പത്രൊസ് 3:21).

മനസ്സാക്ഷിയുടെ ശുദ്ധീകരണം എന്ന അനുഗ്രഹം നിങ്ങൾക്കു ബോധ്യമായാൽ, നിങ്ങൾ അറിഞ്ഞ ആ ശരി ചെയ്യുക - ഇന്നു തന്നെ കർത്താവിനെ അനുസരിക്കുക!

കുറിപ്പുകൾ

[1]"അവരുടെ മനസ്സാക്ഷിയുടെ ആക്ഷേപം ഹേതുവായി" എന്ന പ്രയോഗം ഒരുപക്ഷെ ശാസ്ത്രിമാരുടെ മുൻപു നല്കിയ അവരുടെ വിശദീകരണം ആകും അവർ സ്ഥലം വിടുവാൻ കാരണം. [2]കെജെവിയിൽ പഴയ നിയമത്തിൽ "മനസ്സാക്ഷി" എന്ന വാക്ക് കാണുന്നില്ല, എന്നാൽ എൻ എ എസ് ബിയിൽ ഒരു പ്രാവശ്യം ഉണ്ട്. [3]സർവ്വനാമത്തിലുള്ള മുപ്പത്തി - രണ്ടു ഉപയോഗങ്ങൾക്കു പുറമേ, പുതിയ നിയമത്തിൽ മൂന്നു പ്രാവശ്യം ക്രിയാരൂപത്തിലുമുണ്ട്. [4]ഈ വിഷയത്തെ കൂടുതൽ വിശദമായി നാം അടുത്ത പാഠത്തിൽ പഠിക്കും. [5]*വാരെൻ - ഫ്യൂ ഡിബേറ്റ്* (ജോനെസ്ബോറോ, ആർക്കെൻസാസ്.: നാഷണൽ ക്രിസ്റ്റ്യൻ പ്രെസ്, 1977). [6]നാം നമ്മുടെ ചർച്ച തുടരുമ്പോൾ, മനസ്സാക്ഷിയെ നിശ്ശബ്ദമാക്കാൻ കഴിയും എന്ന വസ്തുതയും നാം പഠിക്കും (അതുകൊണ്ട് ചിലർ മനസ്സാക്ഷി ഇല്ലാത്തതുപോലെ പെരുമാറും). ഈ പാഠത്തിൽ, എങ്ങനെയായാലും, മനസ്സാക്ഷി എന്നതു മനുഷ്യനിൽ ജന്മനാ ഉള്ളതാണ്. [7]ഫിൻ എന്നതു മാർക്ക് ട്വെയിനിന്റെ സാഹിത്യ സൃഷ്ടിയാണ് (ശമുവേൽ എൽ. ക്ലമെൻസ്) (1835–1910). [8]ഭൂതകാല എഴുത്തുകാർ തീർച്ചയാക്കിയത് "മനസ്സാക്ഷി" എന്നതു സൂചിപ്പിക്കുന്നത് *ദൈവത്തെ* "സംബന്ധിച്ച് അറിയുക" എന്നതാണ്, അതുകൊണ്ട് "നമ്മിൽ ദൈവശബ്ദം" എന്ന ആശയം വരുന്നു. എങ്ങനെയായാലും, നാം മുമ്പ് ഊന്നിപ്പറഞ്ഞതുപോലെ, ദൈവം മനുഷ്യർക്കു മനസ്സാക്ഷി നല്കിയിട്ടുണ്ടെങ്കിലും, മനുഷ്യനിലെ മനസ്സാക്ഷിയുടെ ശബ്ദം ദൈവശബ്ദമല്ല മനുഷ്യന്റെതാണ്. [9]വാൾട്ടെർ ബുവെർ, *എ.ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ എർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ*, റെവ. വില്ല്യം എഫ്. ആൺട് ആന്റ് എഫ്. വിൽബെർ ജിങ്ങ്റിച്ച് (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രെസ്, 1957), 794. [10]ജോസഫ് എച്ച്. തേയർ, *ഗ്രീക്ക് - ഇംഗ്ലീഷ് ലെക്സികെൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: സോണ്ടെർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1962), 602.

[11]ഡബ്ലിയു. ഈ. വൈൻ, *ദ എക്സ്പാന്റഡ് വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യൂ ടെസ്റ്റമെന്റ് വേഡ്സ്*, ഇഡി. ജോൺ ആർ. കോഫ്ലെൻഹെർജെർ III, വിത്ത് ജെയിംസ് എ. സ്പാൻസൺ (മിതോപൊലിസ്, മിൻ.: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984), 220. [12]ഈ വേദഭാഗം എടുത്തു തെറ്റായി ഉപയോഗിക്കുന്നത് ഒരു മനുഷ്യൻ "തന്റെ മനസ്സാക്ഷി അനുസരിച്ചു ജീവിച്ചാൽ," ഒരു കുഴപ്പവുമില്ല എന്നതാണ്. എങ്ങനെയായാലും, ഈ സന്ദർഭത്തിൽ, *ആരും തന്നെ* ജാതികൾ അവരുടെ "മനസ്സാക്ഷിയുടെ നിയമം" അനുസരിച്ചാലും, യെഹൂദന്മാർ അവരുടെ ന്യായ പ്രമാണം അനുസരിച്ചും വെളിപ്പാട് അനുസരിച്ചല്ല ജീവിക്കുന്നത്. അവൻ തീർപ്പാക്കുന്നതു "സകല മനുഷ്യരും പാപം ചെയ്തു ദൈവതേജസ് ഇല്ലാത്തവരായി" (റോമർ 3:23). [13]"നല്ലത്" എന്നതിനു രണ്ടു വ്യത്യസ്ത ഗ്രീക്കു വാക്കുകളാണ് തർജ്ജിമ ചെയ്തിരിക്കുന്നത്. മിക്ക വാക്യങ്ങളിലും "നല്ല മനസ്സാക്ഷി" എന്നതിനു ഉപയോഗിച്ചിരിക്കുന്നതു: *അഗാത്തൊസ്* എന്നാണ്. എബ്രായർ 13 രണ്ടാമത്തേതാണ് ഉപയോഗിച്ചിരിക്കുന്നു: *കാലോസ്.* പ്രായോഗികമായ എല്ലാ ഉദ്ദേശങ്ങൾക്കും, രണ്ടു വാക്കുകളും മനസ്സാക്ഷിയുമായ ബന്ധത്തിൽ അർത്ഥമാക്കുന്നതു ഒന്നു തന്നെയാണ്. [14]"ക്ലിയർ" എന്നതു ഗ്രീക്കിൽ നിന്നു എൻഎഎസ്ബിയിൽ തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ (*കാത്തറോസ്*) അർത്ഥം "വിശുദ്ധമായ" എന്നാണ്. (കെജെവി

നോക്കുക) അല്ലെങ്കിൽ “ശുദ്ധം” എന്നാണ്. [15]“പുഴു ചാകാത്ത സ്ഥലം” എന്നാണ് നരകത്തെ യേശു പരാമർശിച്ചത് (മർ ക്കൊസ് 9:44, 46, 48). “ചാകാത്ത പുഴു” ഒരിക്കലും കുറ്റപ്പെടുത്താത്ത മനസ്സാക്ഷിയെക്കുറിച്ചുള്ള സൂചനയാകാം. [16]അടുത്ത പാഠത്തിൽ ഈ വാക്യത്തിന്റെ വ്യാഖ്യാനം നോക്കുക. [17]ഈ വിഷയം കൂടുതലായി അടുത്ത പാഠത്തിൽ വിവരിക്കുന്നുണ്ട്. [18]ഈ അദ്ധ്യായങ്ങൾ വിശ ദമായി വിവരിക്കുകയല്ല ഈ പരമ്പരകളുടെ ലക്ഷ്യം, ഇതിനെകുറിച്ചു കൂടുത ലായി അടുത്ത പാഠത്തിൽ കാണാം. [19]ആദ്യത്തെയും അവസാനത്തെയും “ഞാൻ” എന്നത്, *കലെക്റ്റഡ് പോയംസ്* (1947).

© 2009 Truth for Today